# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3764** **19.03.2018 ൽ മറുപടിക്ക്**

### കുറ്റാലം കൊട്ടാരത്തിന്റെ അവകാശ തർക്കം

| ചോദ്യം<br>ശ്രീ.എം.ഉമ്മർ | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(ബഹു:പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള കുറ്റാലം കൊട്ടാരത്തിന്റെ അവകാശ തർക്കവുമായി ബന്ധപ്പെട്ട കേസിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) WP(MD) No.13737/13 നമ്പർ കേസ് മദ്രാസ് ഹൈക്കോടതിയുടെ മധുര ബെഞ്ചിലാണ്. പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള കുറ്റാലം കൊട്ടാരത്തിന്റെ അവകാശ തർക്കവുമായി ബന്ധപ്പെട്ട് കേസ് തീർപ്പുകൽപ്പിക്കുന്നതിലേക്കായി കോടതി നിർദ്ദേശ പ്രകാരം തിരുനെൽവേലിയിലെ ജില്ല റവന്യൂ ഓഫീസർ 2017 ജനവരി മാസം കുറ്റാലം കൊട്ടാരത്തിൽ ഇൻസ്പെക്ഷൻ നടത്തിയിട്ടുണ്ട്. അദ്ദേഹം കോടതിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |
| (ബി) പ്രസ്തുത കൊട്ടാരത്തിന്റെ അവകാശ തർക്കം ആരംഭിച്ചത് ഏത് കാലയളവിലാണ് എന്നത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കാമോ; | (ബി) കേസ് നമ്പർ WP(MD) No.13737/13 & WP(MD) No.18108/15 ആയി 2013-14 കാലയളവിലാണ് അവകാശതർക്കം ആരംഭിച്ചത്. |
| (സി) മുൻ സർക്കാരിന്റെ കാലത്തുണ്ടായ വീഴ്ചയാണ് പ്രസ്തുത കൊട്ടാരത്തിന്റെ അവകാശ തർക്കത്തിലേക്ക് നയിച്ചതെന്ന ആക്ഷേപത്തിന്റെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ വിശദമാക്കാമോ; | (സി) കുറ്റാലം കൊട്ടാരത്തിന്റെയും വസ്തുവകകളുടേയും ഉടമസ്ഥാവകാശം സംബന്ധിച്ച് മദ്രാസ് ഹൈക്കോടതിയുടെ മധുരാ ബെഞ്ചിൽ WP(MD) No.13737/13 of 2013 നമ്പർ ആയി പത്മനാഭദാസൻ ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ പവർ ഓഫ് അറ്റോർണി ഹോൾഡറായ ശ്രീ.വെങ്കിട്ടരാമൻ എന്നയാൾ ബഹുമാനപ്പെട്ട കൊല്ലം ജില്ലാ കളക്ടറേയും റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയേയും കക്ഷികൾ ആക്കി കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഈ കേസ് നടത്തി വരുന്നത് റവന്യൂ വകുപ്പാണ്. തിരുനെൽവേലി ജില്ലാ |

| | |
|---|---|
| | റവന്യൂ ഓഫീസർ മേൽ വസ്തുവിന്റെ പട്ടയം കേരള സർക്കാരിന്റെ പേരിലേക്ക് മാറ്റിയതാണ് ടി കേസിൽ പരാതിക്കാരൻ ചോദ്യം ചെയ്യുന്നത്. വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |
| (ഡി) പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ളതും എന്നാൽ സംസ്ഥാനത്തിനു പുറത്ത് സ്ഥിതി ചെയ്യുന്നതുമായ മറ്റ് സ്ഥലങ്ങളും സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിശദവിവരം നൽകുമോ; ഇതുമായി ബന്ധപ്പെട്ട ഏതെങ്കിലും കേസുകളിൽ അവകാശ തർക്കം നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ മറ്റ് സ്ഥാപനങ്ങളൊന്നും തന്നെയില്ല. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

തമിഴ്നാട്ടിലെ തിരുനെൽവേലി ജില്ലയിൽ തെങ്കാശി താലൂക്കിലെ കുറ്റാലം വില്ലേജിൽ **56.68** ഏക്കർ സ്ഥലത്ത് വ്യാപിച്ചു കിടക്കുന്ന വസ്തു വകകളാണ് കുറ്റാലം കൊട്ടാരവും അനുബന്ധ കെട്ടിടങ്ങളും. കുറ്റാലം കൊട്ടാരവും അനുബന്ധ കെട്ടിടങ്ങളും പണി കഴിപ്പിച്ചിട്ടുള്ളത് തിരുവിതാംകൂർ മഹാരാജാവായിരുന്ന മാർത്താണ്ഡ വർമ്മയുടെ ഭരണ കാലത്താണ്.

ഈ വസ്തുവകകളൊക്കെ അന്നത്തെ തിരുവിതാംകൂർ മഹാരാജാവ് വിലക്ക് വാങ്ങുകയായിരുന്നു. ആയതിന്റെ തീരാധാരം നമ്പർ **3050/1886** (സബ് രജിസ്ട്രാർ, തെങ്കാശി) ആണ്. വിലക്കു വാങ്ങിയ ഉടനെ തന്നെ ആയതിന്റെ പട്ടയം തിരുവിതാംകൂർ മഹാരാജാവിന്റെ പേരിലേക്ക് മാറ്റിയിട്ടുമുണ്ട്. രണ്ട് ഇടങ്ങളിലായി ആകെ 56.68 ഏക്കർ സ്ഥലവും 11 കെട്ടിടങ്ങളും അടങ്ങിയതാണ് ഈ വസ്തു വകകൾ. കൂടാതെ 1364 വൃക്ഷങ്ങളും (പല വിലപിടിപ്പുള്ള മരങ്ങളും കായ്ഫലങ്ങളുമടക്കം) ഈ സ്ഥലത്ത് സ്ഥിതി ചെയ്തിരുന്നു. സംസ്ഥാന വിഭജനം വന്നപ്പോൾ ടി വസ്തു കേരള സർക്കാരിന് കിട്ടുകയായിരുന്നു. ആയതിന്റെ പട്ടയം കേരള സർക്കാരിന്റെ പേരിൽ നിയമപരമായി തന്നെ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ടി വസ്തുവകകൾ കേരള സർക്കാരിന്റേതായതിനുശേഷം കേരള പൊതുമരാമത്ത് വകുപ്പാണ് സംരക്ഷിച്ചു വരുന്നത്.

പ്രഭു ദാമോദരൻ എന്ന ഒരാളെ **GO (Rt) No. 1424/09 /PWD** തീയതി : 25/09/2009 പ്രകാരം കരാർ അടിസ്ഥാനത്തിൽ കുറ്റാലം കൊട്ടാരത്തിന്റെ ചുമതലയേൽപ്പിച്ചിരുന്നു. ടിയാനെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് **GO (MS) No. 2/2015/PWD** തീയതി : 02/02/2015 പ്രകാരം സർവ്വീസിൽ സ്ഥിരപ്പെടുത്തുകയായിരുന്നു. പാലസ് സൂപ്രണ്ടായിരുന്ന ശ്രീ.പ്രഭു ദാമോദരന്റെ കാലയളവിൽ അദ്ദേഹവും അദ്ദേഹത്തിന്റെ കുറച്ച് സഹായികളുമാണ് വസ്തുവ കകളുടെ സംരക്ഷണവും, സൂക്ഷിപ്പുമൊക്കെ നടത്തിയിരുന്നത്. അവിടെ താമസിച്ചിരുന്നവരിൽ നിന്നും വാടക ഈടാക്കി രണ്ടാഴ്ച കൂടുമ്പോൾ മേൽനോട്ട ചുമതലയുായിരുന്ന പുനലൂർ പൊതുമരാമത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ ഓഫീസിൽ അടക്കുന്ന രീതിയാണ് അന്നും നിലവിലുണ്ടായിരുന്നത്.

എന്നാൽ ശ്രീ.പ്രഭു ദാമോദരൻ മുറികൾ വാടകക്ക് കൊടുക്കുന്നതിൽ ക്രമക്കേട് നടത്തുക, അനധികൃതമായി കോമ്പൗണ്ടിൽ കൃഷി നടത്തുക, കല്യാണാവശ്യങ്ങൾക്കും സിനിമാ ചിത്രീകരണത്തിനും മറ്റും അനധികൃതമായി കെട്ടിടം

നൽകുക, ഫലവൃക്ഷങ്ങൾ ലേലം ചെയ്യുന്നതിൽ ക്രമക്കേട് കാട്ടുക, സർക്കാർ വസ്തു സ്വകാര്യ ആവശ്യങ്ങൾക്കായി ദുരുപയോഗം ചെയ്യുക, വിലപിടിപ്പുള്ള മരങ്ങൾ മുറിച്ചു മാറ്റുക, സർക്കാർ ഭൂമി അനധികൃതമായി വാഹന പാർക്കിംഗിന് നൽകുക, സ്വകാര്യ വ്യക്തികൾക്ക് കോമ്പൗണ്ടിലെ ജലസ്രോതസ് ഉപയോഗത്തിനു നൽകുക കൂടാതെ വസ്തുവകകളുടെ രേഖകളിൽ കൃത്രിമം കാണിക്കുക തുടങ്ങി വളരെ ഗുരുതരമായ കൃത്യവിലോപങ്ങൾ കാട്ടിയതിന്റെ അടിസ്ഥാനത്തിൽ 30/11/2017 ന് ഈ സർക്കാർ അദ്ദേഹത്തെ പാലസ് സൂപ്രണ്ട് തസ്തികയിൽ നിന്നും സസ്പെന്റ് ചെയ്യുകയുണ്ടായി.

സർക്കാർ നിർദ്ദേശപ്രകാരം പൊതുമരാമത്ത് വകുപ്പ് കുറ്റാലത്തെ ദൈനംദിന നടത്തിപ്പും മറ്റു കാര്യങ്ങളിലും തുടർച്ചയായി ഇടപെടുകയും അവിടത്തെ കുത്തഴിഞ്ഞ രീതി അവസാനിപ്പിക്കുകയും ചെയ്തു. ആയതിനായി വകുപ്പ് പുതിയതായി അവിടെ താത്കാലിക ജീവനക്കാരെ നിയമിക്കുകയും ചെയ്തു. ഇപ്പോൾ അവിടെ രണ്ട് സ്ഥിരം കെയർ ടേക്കർമാരും (റൊട്ടേഷൻ വ്യവസ്ഥയിൽ - വർക്കിന്റെ അറേഞ്ച്മെന്റ്) രണ്ട് താൽക്കാലിക ജീവനക്കാരുമുണ്ട്. ടൂറിസ്റ്റ് സീസൺ അല്ലാത്തതിനാൽ ഇപ്പോൾ നാമമാത്രമായ അതിഥികളെ അവിടെ താമസത്തിന് എത്താറുള്ളൂ. വൈദ്യുതി മോഷണം നടക്കുന്നു എന്ന കാരണം പറഞ്ഞ് തമിഴ്നാട് ഇലക്ട്രിസിറ്റി അധികൃതർ ഈയിടെ വൈദ്യുതി വിച്ഛേദിച്ചിരുന്നതിനാൽ കുറച്ചുകാലം കെട്ടിടങ്ങൾ വാടകക്ക് കൊടുക്കാൻ സാധിക്കാത്ത അവസ്ഥ സംജാതമായിരുന്നു. ഇപ്പോൾ വൈദ്യുത ബന്ധം പുനഃസ്ഥാപിച്ചിട്ടുണ്ട്. കിട്ടുന്ന വാടകയും മറ്റും കൃത്യമായി പുനലൂർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ഓഫീസിൽ അടച്ചു വരുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അവിടത്തെ കെട്ടിടങ്ങളുടെ മെയിന്റെനൻസ് വകയിൽ ഏകദേശം 18.50 ലക്ഷം രൂപയുടെ പ്രവൃത്തി ഏറ്റെടുത്ത് നടത്തിക്കഴിഞ്ഞു. അതിർത്തി കമ്പി വേലി കെട്ടി സുരക്ഷിതമാക്കാനായി 48 ലക്ഷം രൂപയുടെ പ്രവൃത്തിക്കും അനുമതി നൽകിയിട്ടുണ്ട്. ആയതിനാൽ ഇപ്പോൾ ദൈനംദിന കാര്യങ്ങളെല്ലാം പൊതുമരാമത്തിന്റെ പൂർണ്ണ നിയന്ത്രണത്തിലാണ്.

**2017 – 2018** ലെ ഭൂനികുതി 09.03.2018 ൽ അടച്ചിട്ടുണ്ട്. 2017-18 നികുതി വാങ്ങാൻ വില്ലേജ് ഓഫീസറും സബ്ഡിവിഷൻ ഓഫീസറും അകാരണമായി നിരസിച്ചു. കേസ്സുണ്ടെന്നു പറഞ്ഞ് നിയമപ്രാബല്യമില്ലാതെയാണ് നിരസിച്ചത്. ബഹു.

പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ നിർദ്ദേശ പ്രകാരം ഗവൺമെന്റ് പ്ലീഡറുടെ ശ്രമഫലമായും കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറും എക്സിക്യൂട്ടീവ് എഞ്ചിനീയറും ഇടപെട്ട് കരം എടുപ്പിച്ചു. നമ്മുടെ കെട്ടിടങ്ങൾക്ക് നിയമ വിരുദ്ധമായി വൈദ്യുതി വിഛേദിച്ച് പ്രവർത്തനം താറുമാറാക്കി. ലോക്കൽ പോലീസ് സംരക്ഷണം നൽകിയില്ല. മതിൽ കെട്ടാതിരിക്കാൻ റവന്യു അധികാരികളും പ്രാദേശിക ഗുണ്ടകളും തടസ്സപ്പെടുത്തി.

പാലസ് സൂപ്രണ്ട് എന്ന ചട്ടവിരുദ്ധ പദവി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പ് നൽകിയ പദവി ഉപയോഗിച്ച് ശ്രീ. പ്രഭുദാമോദരനും സഹോദരനുമാണ് ഇതിനു പിന്നിൽ.

ഇവർ നിരവധി ക്രിമിനൽ കേസുകളിൽ പ്രതികളായ സാമൂഹ്യ വിരുദ്ധ ശക്തികളെ പ്രതിനിധീകരിക്കുന്നു. കോടിക്കണക്കിനു രൂപയാണ് കഴിഞ്ഞ 2015-16 വർഷം കവർന്നെടുത്തത്. ഇവരുടെ തട്ടിപ്പിന് തമിഴ്നാട് അധികാരകേന്ദ്രവും പൊതുമരാമത്ത് വകുപ്പിലും ചില രാഷ്ട്രീയ വൃത്തങ്ങളിലും ഉള്ളവർ ഉണ്ടായിരുന്നു. സംസ്ഥാനത്തിന് ലഭിക്കേണ്ട നീതിയ്ക്കായി തമിഴ്നാട് സർക്കാരുമായി ബന്ധപ്പെട്ട വരികയാണ്. കർശന നടപടി പ്രഭു ദാമോദരനെതിരെ സ്വീകരിച്ചിട്ടുണ്ട്. ഒരു സമഗ്ര അന്വേഷണ റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി വരുന്നു. കോടതിയിൽ നല്ല നിലയിൽ ഈ സർക്കാർ മാത്രമാണ് ഇടപെടുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നില്ലായിരുന്നെങ്കിൽ 750-1000 കോടി വരെ മതിപ്പ് വില കിട്ടുന്ന ആസ്തികളാണ് തട്ടിയെടുക്കാൻ വലിയൊരു തട്ടിപ്പ് സംഘം തമിഴ്നാട് - കേരള സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്. ഇതു കഴിഞ്ഞ ഉടൻ തന്നെ വകുപ്പ് മന്ത്രി അവിടെ സന്ദർശനം ഉദ്ദേശിക്കുന്നു. കുറ്റാലം പാലസിന് കേരള പോലീസിന്റെ സംരക്ഷണം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ